# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2515 — 12.06.2018- ൽ മറുപടിയ്ക്ക്

## സഹകരണ പ്രസ്ഥാനത്തെ ഊർജ്ജസ്വലമാക്കുന്നതിന് സഹകരണ നയം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റോജി എം. ജോൺ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(ബഹു.സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സർക്കാർ കരട് സഹകരണ നയം രൂപീകരിച്ചിട്ടുണ്ടോ; സഹകരണ പ്രസ്ഥാനത്തെ ഊർജ്ജസ്വലമാക്കുന്നതിനുള്ള എന്തൊക്കെ നിർദ്ദേശങ്ങളാണ് പ്രസ്തുത കരട് നയത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്; വിശദമാക്കുമോ; | (എ) കണ്ണൂരിൽ വച്ച് നടന്ന എട്ടാമത് സഹകരണ കോൺഗ്രസ്സിൽ സഹകരണ നയത്തിന്റെ കരട് ചർച്ച ചെയ്ത് അംഗീകരിച്ചു. എന്നാൽ സഹകരണ നയം അന്തിമമായി തീരുമാനിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. സഹകരണ കോൺഗ്രസ്സിൽ അംഗീകരിച്ച കരട് സഹകരണ നയത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ള നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു:-<br>കേരള സംസ്ഥാന സഹകരണ ബാങ്കിനേയും(കെ.എസ്.സി.ബി) 14 ജില്ലാ ബാങ്കുകളേയും സംയോജിപ്പിച്ചുകൊണ്ട് ഹ്രസ്വകാല കാർഷിക വായ്പാ ഘടനയെ പുന:സംഘടിപ്പിക്കുക. ഈ ബാങ്കുകളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് സാങ്കേതിക വിദ്യ, പ്രൊഫഷണലിസം, ബാങ്കിംഗ് പ്രവർത്തനങ്ങളുടെ വിപുലീകരണം, വൈവിധ്യവത്ക്കരണം എന്നിവ കാര്യക്ഷമമായി നടപ്പിലാക്കിക്കൊണ്ട് കൂടുതൽ ആദായകരമായും ജനോപകാരപ്രദമാക്കുക.<br>കാർഷിക വായ്പ ഇപ്പോഴത്തെ 10% എന്നതിൽ നിന്ന് അടുത്ത രണ്ട് വർഷങ്ങൾക്കുള്ളിൽ 25% ഉം തുടർന്ന് ഘട്ടംഘട്ടമായുള്ള വർദ്ധനവിലൂടെ 50% ഉം ആക്കുക.<br>പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ അവയുടെ അംഗങ്ങൾക്കും പൊതുജനങ്ങൾക്കും വിവിധങ്ങളായ സേവനം നൽകുന്ന സംഘങ്ങളായി |

തുടർന്നും പ്രവർത്തിക്കുക.

പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളിലൂടെ (പി.സി.എ.ആർ.ഡി.ബി.എസ്) ദീർഘകാല സഹകരണ വായ്പാ ഘടനയെ(എൽ.റ്റി.സി.സി.എസ്) കാർഷിക അടിസ്ഥാന സൗകര്യ വികസനത്തിന് അവരുടെ മൊത്തം വായ്പയുടെ 50% എങ്കിലും വിതരണം ചെയ്യുന്നത് ഉറപ്പാക്കുക.

മൂല്യവർദ്ധനവിലൂടെ പ്രാദേശിക നാണ്യവിളകളുടെ കയറ്റുമതി വർദ്ധിപ്പിക്കുന്നതിനും അതിൽ നിന്ന് കൂടുതൽ വിദേശ നാണ്യം സമ്പാദിക്കുന്നതിനും സഹായിക്കുന്ന തരത്തിൽ സഹകരണ വിപണന സംഘങ്ങളുടെ പ്രവർത്തനത്തിൽ ദിശാമാറ്റം നടത്തുക.

സംസ്ഥാനത്ത് നിലവിലുള്ള ഉപഭോക്തൃ സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ ഗൗരവമായി പരിശോധിക്കുകയും പ്രവർത്തനം നിലച്ചതും ദുർബലവുമായ പ്രാഥമിക ഉപഭോക്തൃ സഹകരണ സംഘങ്ങളെ അടച്ചുപൂട്ടുകയും ചെയ്യുക. അടച്ചുപൂട്ടലിന് വിധേയമാക്കപ്പെടുന്ന പ്രാഥമിക ഉപഭോക്തൃ സംഘങ്ങളുടെ പ്രവർത്തനങ്ങൾ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിലേയ്ക്ക് മാറ്റുക.

നിലവിലുള്ള എല്ലാ ജില്ലാ മൊത്ത വ്യാപാര ഉപഭോക്തൃ സഹകരണ സംഘങ്ങളെയും ശക്തമാക്കുക. ഉപഭോക്തൃ മേഖലയിൽ പ്രവർത്തിക്കുന്ന പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്കും ജില്ലാ മൊത്തവ്യാപാര ഉപഭോക്തൃ സഹകരണ സംഘങ്ങളിൽ അംഗമാകുന്നതിന് അവസരം നൽകുക.

പാലിന്റെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിച്ച് ഈ രംഗത്ത് സ്വയം പര്യാപ്തത കൈവരിക്കുന്നതിനായി ക്ഷീരോൽപ്പാദനത്തെ ഒരു തൊഴിലായി (പ്രധാന തൊഴിലോ അല്ലെങ്കിൽ ഉപതൊഴിലോ) ക്ഷീര സഹകരണ സംഘങ്ങൾ വഴി പരമാവധി പ്രോത്സാഹിപ്പിക്കുക.

മത്സ്യബന്ധനത്തിന് പ്രതികൂലമായ മാസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് മറ്റ് തൊഴിലുകൾ ലഭ്യമാക്കി സ്ഥിര വരുമാനം ഉറപ്പാക്കുന്നതിനായുള്ള നടപടികളെടുക്കാൻ മത്സ്യസഹകരണ സംഘങ്ങളെ പ്രോത്സാഹിപ്പിക്കുക.

കൈത്തറി, കയർ, ചെറുകിട വ്യവസായങ്ങൾ തുടങ്ങിയ പരമ്പരാഗത വ്യവസായ മേഖലയിൽ കൂടുതൽ മാന്യതയുള്ള തൊഴിലുകൾ സൃഷ്ടിച്ചുകൊണ്ട് ഈ മേഖലയിലെ സഹകരണ സംഘങ്ങളെ സംരക്ഷിക്കുകയും വികസിപ്പിക്കുകയും ചെയ്യുക.

തൊഴിലാളികളെ സംഘടിപ്പിച്ച് അവരെ തൊഴിൽ സഹകരണ സംഘങ്ങളുടെ പരിധിയിൽ കൊണ്ടുവരിക. ഉൽപ്പാദനം, അടിസ്ഥാന സൗകര്യ വികസനം, നിർമ്മാണം എന്നീ മേഖലകളിൽ തൊഴിൽ കണ്ടെത്തുകയും തൊഴിൽ നൈപുണ്യത്തിനായി തൊഴിലാളികൾക്ക് ഈ സംഘങ്ങളിലൂടെ പരിശീലനം നൽകുകയും ചെയ്യുക.

സഹകരണ സ്ഥാപനങ്ങളിലൂടെ സ്ത്രീകളുടെ ശാക്തീകരണത്തിനായുള്ള പരിശ്രമങ്ങളെയും സ്ത്രീ തൊഴിൽ പങ്കാളിത്തവും പ്രോത്സാഹിപ്പിക്കുക.

കുട്ടികളിൽ സഹകരണ പ്രസ്ഥാനത്തെക്കുറിച്ച് ശരിയായ അവബോധം വളർത്തിയെടുക്കുക. സഹകരണ സ്ഥാപനങ്ങളുടെ സാധ്യതകളെ ഉപയോഗിച്ചുകൊണ്ട് വിദ്യാഭ്യാസ രംഗത്ത് കമ്പോളശക്തികൾ നടത്തുന്ന ചൂഷണത്തിന് തടയിടുക.

നൈപുണ്യ നിലവാരം ഉയർത്തിക്കൊണ്ട് വിപണിയിൽ കൂടുതൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനായി സർക്കാരിന്റെയും സഹകരണ ഫെഡറേഷനുകളുടേയും സഹായത്തോടെ ഉൽപ്പാദനം വർദ്ധിപ്പിച്ച് പട്ടികജാതി/ പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെ സുസ്ഥിരമായി വികസിപ്പിക്കുക.

പ്രവാസി സഹകരണ സംഘങ്ങൾ രൂപീകരിച്ചുകൊണ്ട് ജോലി മതിയാക്കി തിരിച്ചെത്തുന്ന പ്രവാസികളുടെ തൊഴിൽ നൈപുണ്യം സമൂഹ പുരോഗതിയ്ക്കായി

വിനിയോഗിക്കുക.

സാധാരണ ജനങ്ങൾക്ക് താങ്ങാനാവുന്ന നിരക്കിൽ എല്ലാത്തരം ആരോഗ്യസേവനങ്ങളും ലഭ്യമാക്കുന്നതിന് ആശുപത്രി സഹകരണ സംഘങ്ങളെ വികസിപ്പിക്കുക.

കേരളത്തിലെ വിനോദ സഞ്ചാര മേഖലയിലെ സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തുന്നതിനായി വിനോദ സഞ്ചാര സൗകര്യങ്ങളും സേവനങ്ങളും ലഭ്യമാക്കുന്നതിനും തദ്ദേശീയ ഉൽപ്പന്നങ്ങളുടെ ഉൽപ്പാദന/വിപണന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും വിനോദസഞ്ചാര സഹകരണ സ്ഥാപനങ്ങളെ ഉപയോഗിക്കുക.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഔദ്യോഗിക ബാങ്കിംഗ് സേവന ദാതാക്കളായി പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളെ അംഗീകരിക്കുക. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടുകൾ സഹകരണ ബാങ്കുകളിൽ നിക്ഷേപിക്കുകയും എല്ലാ ബാങ്കിംഗ് ഇടപാടുകളും അവയിലൂടെ നടത്തുകയും ചെയ്യുക.

പ്രാദേശിക സാഹചര്യങ്ങൾക്ക് അനുസൃതമായി ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുവാൻ സഹകരണ സ്ഥാപനങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും യോജിച്ച് പരിശ്രമിക്കുക. വിത്ത്, വളം, കാർഷികോപകരണങ്ങൾ എന്നിവയുടെ വിതരണത്തിനും ഉൽപ്പന്നങ്ങളുടെ സംഭരണം, വിപണനം എന്നിവ നടത്തുന്നതിനും ഈ കൂട്ടായ്മ ഏറെ സഹായകരമായിരിക്കും.

പലവക സഹകരണ സംഘങ്ങൾക്കായി ഒരു അപ്പക്സ് സഹകരണ ഫെഡറേഷൻ രൂപീകരിക്കുക.

കേരള സഹകരണ നിയമം വകുപ്പ് 14 (എ) വിഭാവനം ചെയ്യുന്ന രീതിയിൽ സംരംഭങ്ങൾ ആരംഭിക്കുന്നത് പ്രോത്സാഹിപ്പിക്കുകയും ടി സംരംഭങ്ങൾക്ക് അംഗങ്ങളിൽ നിന്നും മുൻഗണനാ ഓഹരി മൂലധനം സ്വീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുകയും അത്തരത്തിൽ സ്വീകരിക്കപ്പെടുന്ന മുൻഗണനാ ഓഹരി

| | | | |
|---|---|---|---|
| | | | മൂലധനത്തിന് ഓഹരി അനുപാതത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സംരംഭം ഉണ്ടാക്കുന്ന അറ്റലാഭത്തിൽ നിന്നും 49 ശതമാനം വരെ ലാഭവിഹിതം നൽകുന്നതിനും വ്യവസ്ഥ ചെയ്യുക. |
| (ബി) | എട്ടാമത് സഹകരണ കോൺഗ്രസ്സിൽ കൈക്കൊണ്ട പ്രധാന തീരുമാനങ്ങൾ സഹകരണ മേഖലയെ ശക്തിപ്പെടുത്തുന്നതിന് എപ്രകാരം സഹായകമാണ്; | (ബി) | വൈവിധ്യങ്ങളിലൂടെ മുന്നോട്ട് എന്ന മുദ്രാവാക്യവുമായി കണ്ണൂരിൽ വച്ച് നടന്ന എട്ടാമത് സഹകരണ കോൺഗ്രസ്സ് അംഗീകരിച്ച കരട് സഹകരണ നയത്തിലെ നിർദ്ദേശങ്ങൾ സഹകരണ മേഖലയുടെ വൈവിധ്യവൽക്കരണത്തിനും, തൊഴിൽ വികസനം, ക്ഷീര സംഘങ്ങളുടെ ശാക്തീകരണം, കാർഷിക മേഖലയിലെ പുരോഗതി, സഹകരണ മേഖലയിലുള്ള ടൂറിസം വികസനം, പട്ടികജാതി/ പട്ടികവർഗ്ഗങ്ങളുടെ ശാക്തീകരണവും തൊഴിൽ വികസനവും, മത്സ്യ സഹകരണ സംഘങ്ങളുടെ വികസന സാധ്യതകൾ, കൺസ്യൂമർ സഹകരണ സംഘങ്ങൾ, മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ, വനിതാ സഹകരണ സംഘങ്ങൾ എന്നിവ ശക്തിപ്പെടുത്തൽ, 'സഹകരണം' സ്കൂൾ/ കോളേജുകളിൽ പാഠ്യവിഷയമാക്കുക വഴി വിദ്യാർത്ഥികളുടെ മനസ്സിലേയ്ക്ക് സഹകരണ പ്രസ്ഥാനത്തിന്റെ ആശയവും വികാരവും പകർന്ന് നൽകുക, വിദ്യാഭ്യാസ രംഗത്ത് കമ്പോള ശക്തികൾ നടത്തുന്ന ചൂഷണത്തിന് തടയിടുക, യുവജന പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിനായി കോളേജുകളിൽ സഹകരണ സംഘം രൂപീകരിക്കുക, പ്രവാസികളുടെ തൊഴിൽ നൈപുണ്യം സമൂഹ പുരോഗതിയ്ക്കായി വിനിയോഗിക്കുക, ഉൽപ്പാദനം, അടിസ്ഥാന സൗകര്യ വികസനം, നിർമ്മാണം എന്നീ മേഖലകളിൽ തൊഴിൽ കണ്ടെത്തുകയും തൊഴിൽ നൈപുണ്യത്തിനായി തൊഴിലാളികൾക്ക് സംഘങ്ങളിലൂടെ പരിശീലനം നൽകുക, സഹകരണ സ്ഥാപനങ്ങളിലെ നിലവിലെ നിയമനരീതി അവലോകനം ചെയ്ത് ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനും സാങ്കേതിക വിദ്യയിലും നിയമ-നിയന്ത്രണ കാര്യങ്ങളിലും ഉണ്ടാകുന്ന മാറ്റങ്ങൾക്കനുസൃതമായി നീങ്ങുന്നതിന് സജ്ജമാക്കുന്ന വിധത്തിൽ പ്രൊഫഷണലിസം നടപ്പിലാക്കുന്നതിനും |

അപ്രകാരം പ്രാദേശിക സാമ്പത്തിക വികസനത്തിന് പ്രയോജനകരമായി സഹകരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തിയെടുക്കുന്നതിന് സഹായകമാണ്.

(സി) സഹകരണ മേഖല പൂർണ്ണമായും അഴിമതി മുക്തമാക്കുന്നതിനുള്ള തീരുമാനം എടുത്തിട്ടുണ്ടോ;

(ഡി) പ്രസ്തുത തീരുമാനം എടുത്ത ശേഷം സംസ്ഥാനത്തെ എത്ര സഹകരണ ബാങ്കുകൾ/ സംഘങ്ങളിൽ വെട്ടിപ്പ് കണ്ടെത്തിയിട്ടുണ്ട്; അതിൽ സി.പി.എം. നിയന്ത്രണത്തിലുള്ള എത്ര സ്ഥാപനങ്ങളുണ്ടെന്ന കണക്ക് ലഭ്യമാണോ; എങ്കിൽ എത്രയെന്ന് അറിയിക്കുമോ?

(സി) യും (ഡി) യും

ഉണ്ട്. പ്രസ്തുത തീരുമാനം എടുത്തശേഷം സംസ്ഥാനത്തെ 14 സഹകരണബാങ്കുകൾ/സംഘങ്ങളിൽ വെട്ടിപ്പ് കണ്ടെത്തിയിട്ടുണ്ട്. സഹകരണ സംഘങ്ങളിൽ ഭരണ സമിതിയെ തിരഞ്ഞെടുക്കുന്നത് രാഷ്ട്രീയ പാർട്ടികളുടെ അടിസ്ഥാനത്തിലല്ല.

സെക്ഷൻ ഓഫീസർ